## I. മത്തായി 16 സഭയെ കെട്ടുപണി ചെയ്യുന്നതിനുള്ള മാർഗത്തെ വെളിപ്പെടുത്തുന്നു കൂടാതെ കെട്ടുപണിയുടെ ശത്രുവിനെയും വെളിപ്പെടുത്തുന്നു

- ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു, രൂപാന്തരം പ്രാപിച്ച വ്യക്തികളായ കല്ലുകൾകൊണ്ട്, പാറയായ അവന്റെമേൽതന്നെ സഭയെ പണിയുന്നു. സാത്താന്റെ അധികാരം അഥവാ ഇരുട്ടിന്റെ ശക്തിയായ പാതാള കവാടങ്ങൾ സഭയെ കെട്ടുപണി ചെയ്യുന്നതിൽനിന്നും കർത്താവിനെ തടസ്സപ്പെടുത്തുവാൻ സഭയെ ആക്രമിക്കുന്നു. ക്രിസ്തുവിന്റെ മരണപുനരുത്ഥാനങ്ങളിലൂടെ സഭ ഉളവാക്കപ്പെട്ടു. ക്രൂശുമരണത്തിലൂടെയുള്ള പുനരുത്ഥാനമണ്ഡലത്തിൽ മാത്രമാണ് സഭ നിലനിൽക്കുന്നതും പണിയപ്പെടുന്നതും. സ്വയവും, മനസ്സും, ദേഹിജീവനുമാണ് സഭയെ ആക്രമിക്കുവാനും നശിപ്പിക്കുവാനും സാത്താൻ പുറപ്പെട്ടുവരുന്ന പ്രധാന കവാടങ്ങൾ. ഒരു നല്ല ഹൃദയമുള്ള പത്രൊസ് കർത്താവിനെ ശാസിക്കുകയും ക്രൂശിക്കപ്പെടുവാൻ യെരൂശലേമിലേക്ക് പോകുന്നതിൽനിന്നും കർത്താവിനെ തടയുവാൻ ശ്രമിക്കുകയും ചെയ്തു. അത് പത്രൊസായിരുന്നില്ല, പിന്നയോ സഭയെ കെട്ടുപണിചെയ്യുന്നതിൽനിന്നും കർത്താവിനെ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുന്നതിന് പാതാള കവാടങ്ങളിലൊന്നായ പത്രൊസിന്റെ സ്വയമെന്ന കവാടത്തിലൂടെ വന്ന സാത്താനായിരുന്നു. [Matt. 16:16-18] ...നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു ആകുന്നു,.. നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല എന്നും ഞാൻ നിന്നോടു പറയുന്നു. [Matt. 16:21] ആ സമയം മുതൽ യേശു തന്റെ ശിഷ്യന്മാരോട് താൻ യെരൂശലേമിലേക്കു പോകണം എന്നും, മൂപ്പന്മാർ, മുഖ്യപുരോഹിതന്മാർ, ശാസ്ത്രിമാർ എന്നിവരിൽനിന്ന് അനേകം കഷ്ടം സഹിക്കണം എന്നും കൊല്ലപ്പെടണം എന്നും മൂന്നാം ദിവസം ഉയിർപ്പിക്കപ്പെടണം എന്നും കാണിച്ചുകൊടുക്കുവാൻ തുടങ്ങി. [Matt. 16:23] എന്നാൽ അവൻ തിരിഞ്ഞ് പത്രൊസിനോട്, സാത്താനേ! എന്റെ പിന്നിൽ പോ, നീ എനിക്ക് ഇടർച്ചയാകുന്നു, എന്തെന്നാൽ നീ ദൈവത്തിന്റെ കാര്യങ്ങളിലല്ല, മനുഷ്യരുടെ കാര്യങ്ങളിലത്രേ നിന്റെ മനസ്സ് ഉറപ്പിക്കുന്നത് എന്നു പറഞ്ഞു.

## II. സഭയുടെ കെട്ടുപണി മൂന്ന് താക്കോലുകളുടെ പ്രയോഗത്തിലൂടെ പാതാള കവാടങ്ങൾ അടയ്ക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു

- സ്വയത്തെ ത്യജിക്കുന്നതിനുള്ള താക്കോൽ പ്രയോഗിക്കുവാൻ നാം പഠിക്കേണ്ടതുണ്ട്. ജഡം എന്നത് സാത്താന്റെ പ്രകൃതമായ പാപത്താൽ ദുഷിച്ച സൃഷ്ടിക്കപ്പെട്ട ശരീരമാണ്; tസ്വയം എന്നത് സൃഷ്ടിക്കപ്പെട്ട ദേഹിയോടുകൂടെ സാത്താന്യ മനസ്സ്, സാത്താന്റെ മനസ്സ് ചേരുന്നതാണ്. ഉല്പത്തിയിൽ, ഹവ്വ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം അവളുടെ ശരീരത്തിലേക്ക് എടുക്കുന്നതിനുമുമ്പ്, സാത്താന്റെ മനസ്സായ ചിന്ത അവളുടെ ദേഹിയിലേക്ക് കുത്തിവയ്ക്കപ്പെട്ടു.സാത്താന്റെ ചിന്തയാൽ ഹവ്വയുടെ മനസ്സ് വിഷലിപ്തമാക്കപ്പെട്ടശേഷം, അവളുടെ വികാരം ഉണർത്തപ്പെടുകയും, തുടർന്ന് അറിവിന്റെ വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുവാനുള്ള തീരുമാനം എടുക്കുവാൻ അവളുടെ ഇച്ഛാശക്തി പ്രയോഗിക്കപ്പെടുകയും ചെയ്തു. സ്വയം എന്നത് ദേഹിജീവന്റെ ദേഹരൂപമാണ്, അത് മനസ്സിലൂടെ ആവിഷ്കരിക്കപ്പെടുന്നു; അങ്ങനെ, സ്വയവും, ദേഹി-ജീവനും, മനസ്സും ഒന്നിൽ മൂന്നാണ്. ഈ മൂന്നിനും പിന്നിൽ സഭയെ നശിപ്പിക്കുന്നതിനായി സ്വയത്തെ കൗശലത്താൽ സ്വാധീനിക്കുന്ന സാത്താനാണ്. ദൈവത്തിൽനിന്ന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന ദേഹിയാണ് സ്വയം. നാം എന്തു ചെയ്യുന്നു എന്നത് കർത്താവ് ആദരിക്കുന്നില്ല; മറിച്ച്, അവന്റെമേലുള്ള നമ്മുടെ ആശ്രയത്തെ അവൻ ആദരിക്കുന്നു. ശരീരത്തിന്റെ ശത്രു സ്വയമാണ്; സ്വയം സ്വതന്ത്രമായ ഒന്നായതുകൊണ്ട്, ശരീരത്തിന്റെ കെട്ടുപണിക്ക് ഏറ്റവും വലിയ പ്രശ്നവും, ഏറ്റവും വലിയ തടസ്സവും എതിർപ്പുമാണ്. നാം ദൈവത്തിൽ മാത്രമല്ല, ശരീരത്തിലും, സഹോദരീ സഹോദരന്മാരിലും ആശ്രയിക്കണം. നാം ശരീരത്തിൽ ആശ്രയിക്കുന്നുവെങ്കിൽ, നാം കർത്താവിലും ആശ്രയിക്കുന്നവരാണ്; നാം ശരീരത്തിൽനിന്ന് സ്വതന്ത്രരാണെങ്കിൽ, നാം സ്വതേ കർത്താവിൽ നിന്ന് സ്വതന്ത്രരാണ്. നാം ആശ്രയമുള്ളവരാണെങ്കിൽ സ്വയം ഇല്ലാതാകുന്നു, സ്വയത്തിനുപകരം, നമുക്ക് കർത്താവിന്റെ സാന്നിധ്യമുണ്ടായിരിക്കുകയും, സമാധാനം നിറഞ്ഞവരായിരിക്കുകയും ചെയ്യും. ക്രൂശിനാൽ സ്വയ-ജീവൻ സമ്പൂർണമായി ഇടപെടൽ പ്രാപിച്ചശേഷം മാത്രമേ നമുക്ക് ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യത്തെ സ്പർശിക്കുവാനും ശരീരത്തെ അറിയുവാനും കഴിയുകയുള്ളൂ. സ്വയത്തിന്റെ ചില ആവിഷ്കാരങ്ങളാണ്: ①അതിമോഹവും നിഗളവും ആത്മപ്രശംസയും; ② സ്വയ-നീതിയും, സ്വയ-നീതീകരണവും, മറ്റുള്ളവരെ തുറന്നുകാണിക്കുന്നതും വിമർശിക്കുന്നതും കുറ്റംവിധിക്കുന്നതും; ③ ആത്മപരിശോധനയും സ്വയ-നിന്ദയും; ④ സഭയാലോ നേതൃത്വത്തിലുള്ളവരാലോ വിശുദ്ധന്മാരാലോ നമുക്ക് വ്രണപ്പെടുവാൻ കഴിയും; ⑤ നിരാശയും നിരുത്സാഹവും; ⑥സ്വയ-സ്നേഹവും, സ്വയം-കാത്തുസൂക്ഷിക്കലും, സ്വയ-അന്വേഷണവും, സ്വയ-സഹതാപവും; ⑦ പിറുപിറുപ്പുകളും ന്യായവാദങ്ങളും; ⑧സ്വാഭാവികമായ അഭിരുചിയെയും മുൻഗണനയെയും അടിസ്ഥാനമാക്കിയുള്ള സ്വാഭാവിക സ്നേഹബന്ധങ്ങൾ (സൗഹൃദങ്ങൾ); ⑨അഭിപ്രായവും ഭിന്നാഭിപ്രായമുള്ള കാര്യങ്ങളും;

⑩നാം വ്യക്തിപരതയുള്ളവരും സ്വതന്ത്രരുമാണ്. സ്വയത്തെ പൂട്ടിവയ്ക്കുവാൻ നാം സ്വയത്തെ ത്യജിക്കുന്നതിന്റെ താക്കോൽ പ്രയോഗിക്കുന്നുവെങ്കിൽ, നമ്മെ വ്രണപ്പെടുത്തുവാൻ അസാധ്യമായിരിക്കും; വ്രണപ്പെടാതിരിക്കുന്നവർ അനുഗൃഹീതരാകുന്നു. സ്വയത്തെ പൂട്ടിവയ്ക്കുന്നുവെങ്കിൽ സഭ പണിയപ്പെടും. [Matt. 16:24] അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ. [2 Cor. 12:15] എന്നാൽ ഞാൻ നിങ്ങളുടെ ദേഹികൾ നിമിത്തം അതിസന്തോഷത്തോടെ ചെലവിടുകയും തീർത്തും ചെലവായിപ്പോകുകയും ചെയ്യും. ഞാൻ നിങ്ങളെ അത്യധികമായി സ്നേഹിക്കുന്നെങ്കിൽ, എന്നെ അൽപമായി സ്നേഹിക്കുന്നുവോ?

- ക്രൂശെടുക്കുന്നതിന്റെ താക്കോൽ പ്രയോഗിക്കുവാൻ നാം പഠിക്കേണ്ടതുണ്ട്. ക്രൂശെടുക്കുകയെന്നാൽ കേവലം ദൈവഹിതം എടുക്കുക എന്നാണർഥം; ക്രൂശ് ദൈവഹിതമാണ്. തന്റെ മരണത്തിലൂടെ സഭ ഉളവാക്കപ്പെടുവാനും പണിയപ്പെടുവാനുമായി തന്റെ ജീവൻ വിടുവിക്കത്തക്കവണ്ണം കർത്താവായ യേശു ക്രൂശിക്കപ്പെടുവാൻ മനസ്സുള്ളവനായിരുന്നു. ക്രൂശ് കർത്താവിന് വലിയ കഷ്ടമായിരുന്നു, എന്നാൽ അവൻ കഷ്ടത്തിനു വേണ്ടിയല്ല, മറിച്ച് ദൈവത്തിന്റെ ഉദ്ദേശ്യത്തിനു വേണ്ടിയായിരുന്നു കരുതിയത് Tനമ്മുടെ ഭർത്താവും ഭാര്യയും മക്കളും ദൈവത്തിന്റെ ഹിതമാണ്, അതിനാൽ നമ്മുടെ ക്രൂശുമാണ്. ഏക സഭ ദൈവത്തിന്റെ ഹിതമാണ്, സഭയിലുള്ള ഓരോ സഹോദരനും സഹോദരിയും ദൈവത്തിന്റെ ഹിതമാണ്; അങ്ങനെ, ക്രൂശ് വഹിക്കുകയെന്നാൽ, നമുക്ക് യഥാർഥ ഒരുമ ഉണ്ടായിരിക്കത്തക്കവണ്ണം, സഭയെ വഹിക്കുകയും എല്ലാ വിശുദ്ധന്മാരെയും വഹിക്കുകയും ചെയ്യുക എന്നതാണ്. നാം ക്രൂശെടുക്കുക മാത്രമല്ല, നമ്മുടെ ക്രൂശ് വഹിക്കുകയും ചെയ്യേണ്ടതാവശ്യമാണ്, അതായത്, നമ്മുടെ പഴയ മനുഷ്യനെ അനുദിനം ക്രൂശിന്റെ അവസാനിപ്പിക്കലിൻകീഴിൽ വച്ചുകൊണ്ട് ക്രൂശിൽ തുടരേണ്ടത് ആവശ്യമാണ്. കർത്താവിന്റെ ക്രൂശുമരണത്തിലൂടെ നാം ദിവ്യജീവൻ പ്രാപിച്ചു; ഇപ്പോൾ, ഈ ജീവനിൽ പണിയപ്പെടുന്നതിന് നാം മനസ്സോടെയും സന്തോഷത്തോടെയും ക്രൂശെടുക്കേണ്ടതാവശ്യമാണ്. നമ്മുടെ അഭിരുചിക്കോ അനുഭൂതിക്കോ, അവബോധത്തിനോ വേണ്ടി നാം കരുതരുത്; മറിച്ച്, നമുക്ക് യഥാർഥ ഒരുമ ഉണ്ടായിരിക്കേണ്ടതിന് ദൈവത്തിന്റെ ഹിതത്തിനുവേണ്ടി മാത്രം നാം കരുതണം. [Matt. 26:39] പിന്നെ അൽപം മുമ്പോട്ടുപോയി അവൻ കവിണ്ണുവീണ്, എന്റെ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, എന്നാൽ നീ ഇച്ഛിക്കുന്നതുപോലെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു. [Heb. 12:2] ..അവൻ തന്റെ മുമ്പാകെ വച്ച സന്തോഷം നിമിത്തം, അപമാനം കൂട്ടാക്കാതെ, ക്രൂശ് സഹിക്കുകയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുകയും ചെയ്തു. [Eph. 4:3] ആത്മാവിന്റെ ഒരുമ സമാധാനത്തിന്റെ ഏകീകരണ ബന്ധത്തിൽ കാക്കുവാൻ ശുഷ്കാന്തിയുള്ളവരായിരുന്നുകൊണ്ട് തന്നെ.

- ദേഹിജീവനെ നഷ്ടപ്പെടുത്തുന്നതിനുള്ള താക്കോൽ പ്രയോഗിക്കുവാൻ നാം പഠിക്കണം. ദൈവം മനുഷ്യനെ ആസ്വാദനം ആവശ്യമുള്ള ഒരു ദേഹിയായി സൃഷ്ടിച്ചു. ദേഹിജീവനെ രക്ഷിക്കുകയെന്നാൽ ദേഹിയെ അതിന്റെ ആസ്വാദനം ഉണ്ടായിരിക്കുവാൻ അനുവദിച്ചുകൊണ്ട് സ്വയത്തെ പ്രസാദിപ്പിക്കുന്നതാണ്; ദേഹിജീവനെ നഷ്ടപ്പെടുത്തുകയെന്നാൽ ദേഹിയുടെ ആസ്വാദനം നഷ്ടപ്പെടുത്തുകയാണ്. വരുവാനുള്ള യുഗത്തിൽ തന്റെ ദേഹിജീവനെ കണ്ടെത്തേണ്ടതിന് കർത്താവായ യേശു ഈ യുഗത്തിൽ തന്റെ ദേഹിയുടെ ആസ്വാദനത്തെ നഷ്ടപ്പെടുത്തി; നാമും അങ്ങനെതന്നെ ചെയ്യണം. നാം കർത്താവായ യേശുവിനെ സ്നേഹിക്കുകയും, മരണത്തോളം നമ്മുടെ ദേഹിജീവനെ സ്നേഹിക്കാതെ നമ്മുടെ ദേഹിജീവനെ വെറുക്കുകയും ത്യജിക്കുകയും വേണം. കർത്താവിനുവേണ്ടിയും, സഭയ്ക്കുവേണ്ടിയും, എല്ലാ വിശുദ്ധന്മാർക്കുവേണ്ടിയും നമ്മുടെ ഇപ്പോഴത്തെ ദേഹിക ആസ്വാദനത്തെയെല്ലാം നഷ്ടപ്പെടുത്തുവാൻ നാം മനസ്സുള്ളവരാണെങ്കിൽ, മറ്റുള്ളവർ നമ്മളാൽ പോഷിപ്പിക്കപ്പെടുകയും നമ്മിലൂടെ പണിയപ്പെടുകയും ചെയ്യും; ഇതൊരു കഷ്ടമല്ല, മറിച്ച് ഒരു സന്തോഷമാണ്. രാജ്യത്തിന്റെ പ്രത്യക്ഷതയിൽ ഭൂമിയിന്മേൽ ഭരിക്കുന്നതിലുള്ള രാജാവിന്റെ സന്തോഷം പങ്കുകൊള്ളുക എന്ന രാജ്യത്തിൻ പ്രതിഫലം, ഈ യുഗത്തിൽ നമ്മുടെ ദേഹിജീവനെ നാം രക്ഷിക്കുമോ അതോ നഷ്ടപ്പെടുത്തുമോ എന്നതിനെ ആശ്രയിച്ചിരിക്കുന്നു. [Matt. 16:25] തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും. [1 Cor. 16:22] ഒരുവൻ കർത്താവിനെ സ്നേഹിക്കുന്നില്ലെങ്കിൽ അവൻ ശപിക്കപ്പെട്ടവൻ! കർത്താവ് വരുന്നു! [Matt. 25:21] അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.